മുൻഗണനാക്രമത്തിലാണ് ഓരോ പദ്ധതിയും നടപ്പിലാക്കിവരുന്നത്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പണികളെല്ലാംതന്നെ സീസൺ കഴിഞ്ഞ് പൂർത്തീകരിക്കുന്നതാണെന്നും ശബരിമല മാസ്റ്റർ പ്ലാൻ ഹൈപവർ കമ്മിറ്റി ഭരണാനുമതി നൽകിയിട്ടുള്ള എല്ലാ പദ്ധതികളും പൂർത്തീകരണ ഘട്ടത്തിലാണെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ചും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ പണികളെ സംബന്ധിച്ചുമുള്ള വിശദമായ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ശബരിമല മാസ്റ്റർ പ്ലാനിൽപ്പെട്ട കന്നാർ ഡാമിന്റെ ഉയരംകൂട്ടി ശബരിമല തീർത്ഥാടകർക്ക് ആവശ്യമായ ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകി, പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് കേന്ദ്ര വൈൽഡ് ലൈഫ് ബോർഡിന്റെ അനുമതിക്ക് അപേക്ഷിച്ചിരുന്നെങ്കിലും അനുമതി ഇതുവരെ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ വനം-വന്യജീവി വകുപ്പുമായി ചേർന്ന് സ്വീകരിച്ചിട്ടുണ്ടെന്നും റോപ്‌വേ നിർമ്മാണത്തിന് കൊൽക്കത്തയിലെ ദാമോദർ റോപ്‌വേയ്സുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതായും ഇതിനുള്ള അനുവാദം വാങ്ങുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ റോപ്‌വേ നിർമ്മാതാക്കളാണ് കരാർ പ്രകാരം ചെയ്യേണ്ടതെന്നും ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

ദേവസ്വം ബോർഡ് ക്ഷേത്രഭൂമി കയ്യേറ്റം

146(2615) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളുടെ ഭൂമി, കയ്യേറ്റംമൂലം അന്യാധീനപ്പെടുന്നതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വൈക്കം ഗ്രൂപ്പിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ ഭൂമി, കയ്യേറ്റംമൂലം അന്യാധീനപ്പെട്ടു പോയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇത് തിരിച്ചുപിടിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഭൂമി തിരിച്ചു പിടിക്കുവാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) തിരുവിതാംകൂർ ദേവസ്വം ബോർഡ് വക ഭൂമിയിലെ കയ്യേറ്റം തടയുന്നതിനും കയ്യേറിയ ഭൂമി തിരിച്ച് പിടിക്കുന്നതിനും ഭൂസംരക്ഷണ വിഭാഗം സ്പെഷ്യൽ തഹസിൽദാർ മുഖാന്തരം നടപടി സ്വീകരിച്ചുവരുന്നു. കൊച്ചിൻ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള ദേവസ്വം ഭൂമി കയ്യേറ്റം ഒഴിവാക്കുന്നതിന് സ്പെഷ്യൽ ദേവസ്വം തഹസിൽദാർ മുഖേന ദേവസ്വം ഭൂമി അളന്ന് തിട്ടപ്പെടുത്തുകയും കണ്ടെത്തുന്ന അനധികൃത കയ്യേറ്റം 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടികൾ സ്വീകരിച്ച് ഒഴിപ്പിച്ചെടുത്ത് വരുന്നുമുണ്ട്. മലബാർ ദേവസ്വം വക ഭൂമി കയ്യേറ്റങ്ങൾ തടയുന്നതിനും കയ്യേറപ്പെട്ട ഭൂമി തിരിച്ചു പിടിക്കുന്നതിന് ആവശ്യമായ നടപടകൾ സ്വീകരിക്കുന്നതിനും ക്ഷേത്ര ഭരണാധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ദേവസ്വം ഭൂമി കയ്യേറ്റം തടയുന്നതിന് മാത്രമായി ഒരു കേരളാ ലാന്റ് കൺസർവൻസി യൂണിറ്റ് ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഗുരുവായൂർ ദേവസ്വം അധീനതയിലുള്ള ഭൂമികളുടെ സംരക്ഷണം നടത്തുന്നതിന് ദേവസ്വം സർവ്വേയർ, ഹെൽത്ത് സൂപ്പർവൈസർ, ദേവസ്വം ഇൻസ്പെക്ടർ എന്നിവരടങ്ങിയ സ്ക്വാഡ് അഡ്മിനിസ്ട്രേറ്ററുടെ കീഴിൽ പ്രവർത്തിച്ചുവരുന്നതും സ്ഥലങ്ങൾ നിരന്തരം പരിശോധിച്ച് കയ്യേറ്റങ്ങൾ ഉണ്ടായിട്ടില്ലെന്ന് ഉറപ്പുവരുത്തി അതിർത്തി സംരക്ഷിച്ചുവരുന്നതുമാണ്. കൂടൽമാണിക്യം ദേവസ്വത്തിൽ ഒരു സ്പെഷ്യൽ തഹസിൽദാരെയും സർവ്വേയറെയും നിയമിക്കുകയും ക്ഷേത്ര ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വൈക്കം ഗ്രൂപ്പിന് കീഴിലുള്ള ക്ഷേത്ര ഭൂമികളുടെ ചില ഭാഗങ്ങൾ കയ്യേറ്റംമൂലം അന്യാധീനപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് തിരിച്ചുപിടിക്കുന്നതിന് ഭൂസംരക്ഷണ നിയമപ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നതായി ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

ആൽപ്പാറ ദേവീക്ഷേത്രം വക കുളം പുനരുദ്ധാരണം

147(2616) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ്, തൃക്കാരിയൂർ ഗ്രൂപ്പിൽ ഉൾപ്പെട്ട ആൽപ്പാറ ദേവീക്ഷേത്രം വക പെരുമ്പാവൂർ ക്ഷേത്രക്കുളത്തിന്റെ പുനരുദ്ധാരണ നടപടികൾ സ്തംഭനാവസ്ഥയിലായത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എം.എൽ.എ. ഫണ്ടും ദേവസ്വം ബോർഡിന്റെ വിഹിതവും വകയിരുത്തിയിട്ടും നിർമ്മാണ ജോലികൾ പൂർത്തിയാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly